പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4189 | 19.10.2011 ലെ മറുപടിക്ക്

**പുതിയ സഹകരണ സംഘങ്ങളുടെ രൂപീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |

എ) പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

എ) 210 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | | എണ്ണം |
|---|---|---|
| തിരുവനന്തപുരം | : | 27 |
| കൊല്ലം | : | 7 |
| ആലപ്പുഴ | : | 5 |
| പത്തനംതിട്ട | : | 3 |
| കോട്ടയം | : | 4 |
| എറണാകുളം | : | 6 |
| ഇടുക്കി | : | 7 |
| തൃശ്ശൂർ | : | 23 |
| പാലക്കാട് | : | 18 |
| മലപ്പുറം | : | 23 |
| കോഴിക്കോട് | : | 29 |
| വയനാട് | : | 1 |
| കണ്ണൂർ | : | 36 |
| കാസർഗോഡ് | : | 21 |
| **ആകെ** | : | **210** |

ബി) ഇതിനായി എന്തെല്ലാം നടപടി ക്രമങ്ങൾ പാലിക്കേണ്ടതുണ്ട്?

ബി) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമം/ചട്ടം എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് സഹകരണ സംഘം, രജിസ്റ്റർ ചെയ്യേണ്ടത്.

1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 4,5,6,7 പ്രകാരവും കേരള സഹകരണ സംഘം ചട്ടം 3,4 എന്നിവ പ്രകാരവും സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥകളും നടപടി ക്രമങ്ങളും താഴെ പറയും പ്രകാരമാണ്.

നിർദ്ദിഷ്ട സംഘത്തിൽ വ്യക്തികൾ മാത്രമാണ് അംഗങ്ങളെങ്കിൽ വ്യത്യസ്ത കുടുംബത്തിൽപ്പെട്ട 25 പേരെങ്കിലും അപേക്ഷകരായി ഉണ്ടായിരിക്കണം. സംഘമോ വ്യക്തി സംഘടനകളോ അംഗങ്ങളായിട്ടുണ്ടെങ്കിൽ ഇതിലേക്ക് അധികാരം ലഭിച്ചയാൾ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകരും അപേക്ഷയിൽ ഒപ്പു വയ്ക്കണം. സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ

ഒന്നാം നമ്പർ ഫാറത്തിൽ 2 പ്രതികൾ തയ്യാറാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം താഴെ പറയുന്നവ കൂടി സമർപ്പിക്കേണ്ടതാണ്.

1. സംഘത്തിന്റെ നിർദ്ദിഷ്ട ബൈലോയുടെ 3 പകർപ്പുകൾ.
2. നിർദ്ദിഷ്ട സംഘത്തിന് സാമ്പത്തിക ഭദ്രതയോടു കൂടി പ്രവർത്തിക്കുവാൻ കഴിയുമെന്ന് കാണിക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട്.
3. അപേക്ഷകരുടെ പേര്, വയസ്, തൊഴിൽ, വിലാസം എന്നിവ ഉൾക്കൊള്ളുന്ന പട്ടികയുടെ 2 പകർപ്പുകൾ.
4. സംഘം രൂപീകരിക്കുന്നതിനുള്ള ആലോചനാ യോഗത്തിന്റെ മിനിട്ട്സ് (ഈ യോഗത്തിൽ ഒരു പ്രൊമോട്ടിംഗ് കമ്മിറ്റിയേയും ചീഫ് പ്രൊമോട്ടറേയും തെരഞ്ഞെടുക്കണം)
5. നിർദ്ദിഷ്ട സംഘം, വനിതാ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നതാണെങ്കിൽ ഫീസിനത്തിൽ 50/- രൂപയും, മറ്റു വിഭാഗത്തിലാണെങ്കിൽ 500/- രൂപയും ട്രഷറിയിലൊടുക്കി അസൽ ചെലാൻ സമർപ്പിക്കണം.
6. നിർദ്ദിഷ്ട സംഘത്തിന്റെ പേരിൽ ബാങ്കിലോ, ബാങ്കുകളിലോ ബാക്കി നിൽപ്പുള്ള തുകകൾ വിശദമാക്കുന്നതിന് അവയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.
7. പ്രവേശന ഫീസും, ഓഹരി സംഖ്യയും നൽകിയിട്ടുള്ള വ്യക്തികളുടെ പേരും അവർ നൽകിയ തുകയും വ്യക്തമാക്കുന്ന പട്ടികയുടെ രണ്ട് പകർപ്പുകൾ.

ഒന്നിൽ കൂടുതൽ ജില്ലകൾ പ്രവർത്തന പരിധിയായുള്ള സംഘമാണെങ്കിൽ, നിർദ്ദിഷ്ട സംഘത്തിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം അപേക്ഷ സഹകരണ സംഘം രജിസ്ട്രാർക്കും, ഒരു ജില്ലയോ അതിലുൾപ്പെട്ട പ്രദേശം മാത്രമോ പ്രവർത്തന പരിധിയായുള്ള സംഘമാണെങ്കിൽ, നിർദ്ദിഷ്ട സംഘത്തിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം ജില്ലാ ജോയിന്റ് രജിസ്ട്രാർക്കുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ രജിസ്റ്റേർഡ് തപാലായോ, നേരിട്ടോ സമർപ്പിക്കാവുന്നതാണ്. രജിസ്ട്രാർ അപേക്ഷ പരിശോധിച്ച് 90 ദിവസങ്ങൾക്കുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതും, സംഘം രജിസ്റ്റർ ചെയ്യുന്ന പക്ഷം രജിസ്ട്രാർ കൈയൊപ്പ് രേഖപ്പെടുത്തി ഓഫീസ് മുദ്ര പതിപ്പിച്ച ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**